**മലപ്പുറം ജില്ലയിലെ ഉൾനാടൻ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും എത്തിച്ചു നൽകി കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ**

കൊറോണ രോഗത്തിന്റെ വ്യാപനം തടയുന്നതിനായി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന പശ്ചാത്തലത്തിൽ, ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും പ്രഖ്യാപിച്ചിരുന്നു കേരള സർക്കാർ. ഉൾനാടൻ മേഖലകളിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളിലേക്ക് ഇവ എത്തിക്കുകയെന്നത് ശ്രമകരമായ ഒരു ദൗത്യമായിരുന്നു. എന്നാൽ മലപ്പുറം ജില്ലയിലെ എല്ലാ ഉൾനാടൻ പട്ടിക വർഗ്ഗ സറ്റിൽമെന്റുകളിലും സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും എത്തിച്ചു നൽകി മാതൃകയായിരിക്കുകയാണ് കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ. മലപ്പുറം ജില്ലാ കളക്ടറുടെ നിർദേശം അനുസരിച്ചാണ് നിലമ്പൂർ സ്പെഷ്യൽ ട്രൈബൽ പ്രോജക്റ്റ് കോർഡിനേറ്റർ, കുടുംബശ്രീ മലപ്പുറം ട്രൈബൽ ജില്ലാ പ്രോഗ്രാം മാനേജർ, അനിമേറ്റർമാർ എന്നിവരുടെ നേതൃത്വത്തിൽ ജില്ലയിലെ ഉൾനാടൻ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും എത്തിച്ചു നൽകിയത്. 836 പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഇതിനോടകം സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും എത്തിച്ചു നൽകി കഴിഞ്ഞു.

ജില്ലയിലെ ഉൾനാടൻ പട്ടികവർഗ്ഗ സറ്റിൽമെന്റുകളിൽ സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും എത്തിച്ചു നൽകാമോ എന്ന് മലപ്പുറം ജില്ലാ കളക്ടർ ആവശ്യപ്പെട്ടതനുസരിച്ചാണ് കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ ഈ ഉത്തരവാദിത്വം ഏറ്റെടുത്തത്. കരുളായി, വഴിക്കടവ്, മൂത്തേടം, പൊതുകൽ, ചാലിയാർ, അമരമ്പലം, കരുവാരക്കുണ്ട്, ചോക്കാട്, മമ്പാട്, താഴേക്കോട്, ഉറങ്ങാട്ടിരി പഞ്ചായത്തുകളിലെ ആദിവാസി ഊരുകളിൽ ഉള്ള 836 കുടുംബങ്ങളിൽ ആണ് സൗജന്യ റേഷനും ഭക്ഷ്യധാന്യകിറ്റും ഇതിനോടകം

എത്തിച്ചു നൽകിയത്.  കുടുംബശ്രീ മലപ്പുറം ജില്ലാ മിഷന്റെ വാഹനത്തിലും മറ്റു വാഹനങ്ങൾ സജ്ജീകരിച്ചുമാണ് റേഷനും കിറ്റുകളും കൊണ്ടുപോയത്. ശേഷം തലച്ചുമടായി ചുമന്നാണ് കുടുംബശ്രീ മലപ്പുറം ജില്ലാ മിഷനിൽ നിന്നുള്ള സംഘം കോളനികളിൽ സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും എത്തിച്ചത്. ഇനി രണ്ടു കോളനികളിൽ കൂടി സൗജന്യ റേഷനും ഭക്ഷ്യധാന്യ കിറ്റും എത്തിച്ചു നൽകേണ്ടതുണ്ട്. അച്ചനള, മാഞ്ചീരി എന്നിവിടങ്ങളിലേക്ക് ആണ് ഇനി കിറ്റും റേഷനും എത്തിക്കാനുള്ളത്. ഇതിൽ അച്ചനളയിലെ എട്ടു കുടുംബങ്ങൾക്കുള്ള കിറ്റ്, ചക്കിക്കുഴി ഫോറസ്ററ് സ്റ്റേഷന് കൈമാറി. ഫോറസ്ററ് ഉദ്യോഗസ്ഥർ ഇത് കുടുംബങ്ങൾക്ക് എത്തിച്ച നൽകും. മാഞ്ചീരിയിലേക്കുള്ള മുപ്പത്തഞ്ചു കിറ്റുകൾ നാളെ നൽകും. ഇതോടെ നിശ്ചയിച്ച 42 ഊരുകളിലുമായുള്ള 879 കുടുംബങ്ങളിൽ റേഷൻ ഭക്ഷ്യധാന്യ കിറ്റ് വിതരണം ഉറപ്പു വരുത്താനാകും. പ്രതിസന്ധി കാലഘട്ടത്തിലും ഉൾനാടൻ പട്ടിക വർഗ്ഗ സറ്റെിൽമെന്റുകളിൽ  കഴിയുന്നവർക്കുള്ള സേവനങ്ങൾ എത്തിച്ചു നല്കാൻ ജില്ലാ നേതൃത്വത്തിനൊപ്പം പ്രവർത്തിച്ചു മാതൃകയാവുകയാണ് കുടുംബശ്രീ മലപ്പുറം ജില്ലാമിഷൻ.